പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4339 12.11.2019 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി. ഹോട്ടലുകൾ

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കെ.റ്റി.ഡി.സി.യുടെ ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | എ) | കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ എല്ലാ റിസോർട്ടുകൾക്കും അനുയോജ്യമായ സ്റ്റാർ പദവി നേടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റാർ പദവി കരസ്ഥമാക്കുന്നതിനായി ഹോട്ടലുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചുവരുന്നു. |
| ബി) | നിലവിൽ കെ.റ്റി.ഡി.സി.ക്ക് ത്രീ സ്റ്റാറിന് മുകളിലുള്ള എത്ര ഹോട്ടലുകളുണ്ടെന്നും പ്രസ്തുത ഹോട്ടലുകളിലെ ഒക്യുപെൻസി എത്ര ശതമാനമാണെന്നും അറിയിക്കാമോ; | ബി) | നിലവിൽ മാസ്കറ്റ് ഹോട്ടലിനു മാത്രമാണ് ഫൈവ് സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ളത്. ഇതിന്റെ ഈ വർഷത്തെ ഓക്കുപ്പെൻസി 29.87 ശതമാനമാണ്. |
| സി) | സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് ഉതകുന്ന വിധത്തിൽ കെ.റ്റി.ഡി.സി യിൽ പ്രൊഫഷണലിസം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | സി) | സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് ഉതകുന്ന വിധത്തിൽ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിന് കെ.ടി.ഡി.സിയ്ക്ക് സാധിക്കുന്നുണ്ട്. ഇതു മെച്ചപ്പെടുത്തുന്നതിനായി തുടർച്ചയായി ട്രെയിനിങ് കൊടുക്കുന്നതാണ്.<br>മത്സരാധിഷ്ഠിതമായി കെ.റ്റി.ഡി.സിയെ പ്രാപ്തമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. കേരളത്തിലെ വിനോദസഞ്ചാരികളിൽ ഏറ്റവും കൂടുതലുള്ളത് കേരളത്തിന് പുറത്തുള്ളവരും കേരളത്തിൽ താമസിക്കുന്നവരുമായ മലയാളികൾ തന്നെയാണ്. അതിനാൽ ഏറ്റവും കൂടുതൽ കേരളീയർ ഉപയോഗിക്കുന്ന |

| | | | |
|---|---|---|---|
| | | | മലയാള മാധ്യമങ്ങളായ മലയാള മനോരമ, മാതൃഭൂമി എന്നിവയുടെ ഓൺലൈൻ എഡിഷനുകളിൽ കെ.റ്റി.ഡി.സി. ഹോട്ടലുകളെ ഡെസ്റ്റിനേഷനുമായി ബന്ധപ്പെട്ടത്തി ലേഖനങ്ങൾ / വിവരണങ്ങൾ/ചിത്രങ്ങൾ/വീഡിയോകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ നൽകി വരുന്നുണ്ട്. ഇതുമൂലം ലോകമാകമാനമുള്ള മലയാളികളുടെയിടയിൽ കെ.റ്റി.ഡി.സി. ഹോട്ടലുകളെക്കുറിച്ചും /ഡെസ്റ്റിനേഷനുകളെ കുറിച്ചും വിവരണങ്ങളെത്തിക്കുന്നതിനും പ്രചരണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി പുറം നാട്ടിൽ താമസിക്കുന്ന മലയാളികളെ വിവിധ ഡെസ്റ്റിനേഷനുകളുടെയും കെ.റ്റി.ഡി.സി ഹോട്ടലുകളുടെയും പ്രചാരകരാക്കി മാറ്റാൻ കഴിയുന്നുണ്ട്.<br>2. പ്രമുഖ ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ മേക്ക് മൈ ട്രിപ്പ്, ഗോ ഐബിബോ, ട്രാവൽ ഗുരു, യാത്രാ തുടങ്ങിയവയിലും പ്രമുഖ വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ് ഡോട്ട് കോം, അഗോഡ, എക്സ്പീഡിയ എന്നിവയിലൂടെയെല്ലാം പ്രചരണവും വിൽപ്പനയും നടക്കുന്നുണ്ട്. അതുമൂലം ആഗോളതലത്തിൽ പ്രചാരണം ലഭിക്കുന്നുണ്ട്.<br>3. ഇന്ത്യക്കകത്തും പുറത്തുമുള്ള പരമ്പരാഗതമായ ട്രാവൽ ഏജൻസികളുമായി നിരന്തരം ബിസിനസ്സ് ബന്ധം സ്ഥാപിച്ചിട്ടുണ്ട്. അതുവഴി കെ.റ്റി.ഡി.സി ഹോട്ടലുകൾക്കും ഡെസ്റ്റിനേഷനുകൾക്കും പ്രചാരണം കിട്ടുന്നുണ്ട്.<br>4. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.റ്റി.ഡി.സി പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ട്രാവൽ ഏജൻസികൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവരുമായി നേരിട്ട് സമ്പ... സ്ഥാപിക്കുന്നതിനും പ്രചാരണം നടത്താനും കഴിഞ്ഞിട്ടുണ്ട്.<br>5. കെ.റ്റി.ഡി.സി യുടെ വെബ്സൈറ്റുവഴി പ്രചാരണം ലഭിക്കുന്നുണ്ട്.<br>6. ഓരോ വർഷത്തിലും ഇറക്കുന്ന ബ്രോഷറുകൾ, വിവിധ ടൂറിസം മേളകൾ/കെ.റ്റി.ഡി.സി ഹോട്ടലുകൾ തുടങ്ങിയവയിലൂടെ ഉപഭോക്താക്കൾക്കും പ്രചരിപ്പിക്കാൻ സാധ്യതയുള്ളവർക്കും നൽകി പ്രചാരണം നടത്തുന്നുണ്ട്.<br>7. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിങ് തത്സമയം എടുക്കുന്നതിനുവേണ്ടി ചാനൽ മാനേജർ സോഫ്റ്റ് വെയർ സൗകര്യം കെ.റ്റി.ഡി.സിയുടെ മിക്കവാറും ഹോട്ടലുകളിൽ നടപ്പിലാക്കി കഴിഞ്ഞു.<br>8. കെ.റ്റി.ഡി.സി ഹോട്ടലുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും താങ്ങാവുന്ന നിരക്കിൽ കെ.റ്റി.ഡി.സി ഹോട്ടൽ മുറികൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുമായി റവന്യൂ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| ഡി) | മസ്കറ്റ് ഹോട്ടലിൽ പുതിയ കൺവെൻഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | ഡി) | മാസ്കറ്റ് ഹോട്ടലിൽ പുതിയ കൺവെൻഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. ഇപ്പോഴത്തെ കൺവെൻഷൻഹാൾ നവീകരിക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ